BSNL EMPLOYEES UNION
(Regd. under Indian Trade Union Act 1926. Regn. No. 4896)
KERALA CIRCLE
P&T House, Thiruvananthapuram 695001.

സർക്കുലർ നമ്പർ: 10/2018-2020 തീയതി: 12-04-2018

# ട്രേഡ് യൂണിയൻ ദേശീയ കൺവെൻഷൻ
# എറണാകുളം

സഖാവെ,

പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കാനും ശമ്പളപരിഷ്കരണം നേടിയെടുക്കാനും ഏതറ്റംവരെയുള്ള പോരാട്ടത്തിന് തയ്യാറെടുക്കുവാൻ ആഹ്വാനം ചെയ്ത് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയനുകളുടെ അഖിലേന്ത്യാ കൺവെൻഷൻ ഏപ്രിൽ 8 ന് എറണാകുളത്ത് സമാപിച്ചു. കേരളം ആദ്യമായിട്ടാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയനുകളുടെ കൺവെൻഷന് വേദിയാകുന്നത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ ട്രേഡ് യൂണിയനുകളെ പ്രതിനിധീകരിച്ച് 350 പ്രതിനിധികൾ കൺവെൻഷനിൽ പങ്കെടുത്തു. സി.ഐ.ടി.യു. അഖിലേന്ത്യാ ജനറൽ സെക്രട്ടറി സ. തപൻസെൻ എം.പി. കൺവെൻഷനിൽ മുഖ്യപ്രഭാഷണം നടത്തി.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം, ഓഹരി വില്പന, അടച്ചുപൂട്ടൽ, സ്ഥിരം തൊഴിൽ ഇല്ലാതാക്കുന്ന ഗസറ്റ് നോട്ടിഫിക്കേഷൻ, അനാവശ്യമായ നിബന്ധനകൾ അടിച്ചേൽപ്പിച്ച് ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം നിഷേധിക്കുന്ന സർക്കാർ നിലപാട് തുടങ്ങി വിവിധ വിഷയങ്ങൾ കൺവെൻഷൻ വിശദമായി ചർച്ചചെയ്തു. ഇതിനെതിരെ രാജ്യവ്യാപകമായി പ്രചരണങ്ങളും പ്രക്ഷോഭങ്ങളും സംഘടിപ്പിക്കുവാൻ കൺവെൻഷൻ ആഹ്വാനം ചെയ്തു. താഴെപ്പറയുന്ന സമരപരിപാടികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

* മേയ് 7 മുതൽ 11 വരെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും വിപുലമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കണം.

* പ്രചരണപരിപാടിയുടെ സമാപനദിവസമായ മേയ് 11 ന് എല്ലാ സ്ഥാപനങ്ങൾക്കു മുമ്പിലും ജീവനക്കാരുടെ വൻ പങ്കാളിത്തത്തോടുകൂടി പ്രകടനം നടത്തണം. അതോടൊപ്പം പ്രധാനമന്ത്രിയ്ക്കും, പൊതുമേഖലാ/ഘന വ്യവസായ മന്ത്രിക്കും താഴെപ്പറയുന്ന ഫാക്സ് സന്ദേശം നൽകണം.

“We strongly oppose Privatisation of PSUs; We Oppose ‘Fixed Term Employment’ and demand withdrawal of the Gazette notification; We demand scrap all conditionalities/restrictions on Wage Revision process and content in CPSUs specially the affordability condition and directive of ‘Three Yearly review of  Wage Agreement’.

ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയനെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി സ:പി.അഭിമന്യു, സർക്കിൾ സെക്രട്ടറി സ:സി.സന്തോഷ്കുമാർ, അസി: സർക്കിൾ സെക്രട്ടറി, സ.കെ.മോഹനൻ, വൈസ് പ്രസിഡന്റ്, സ.കെ.വി.പ്രേംകുമാർ, എറണാകുളം ജില്ലാ പ്രസിഡന്റ് സ. പി.എസ്.പീതാംബരൻ, സ. എം.എ.വേലായുധൻ, സ. സോഫി ജോസഫ്, സ.വി.സി.സുജാത എന്നിവർ പങ്കെടുത്തു.  ശമ്പളപരിഷ്കരണം ഉൾപ്പെടെ ബി.എസ്.എൻ.എൽ. മേഖലയിലെ വിഷയങ്ങൾ ജനറൽ സെക്രട്ടറി സ.പി.അഭിമന്യു കൺവെൻഷനിൽ അവതരിപ്പിച്ചു.

അഭിവാദനങ്ങളോടെ,



**സി. സന്തോഷ് കുമാർ,**

സർക്കിൾ സെക്രട്ടറി.